# മഹാത്മാഗാന്ധി സർവകലാശാല

# ബിരുദാനന്തര ബിരുദ പ്രവേശനം;

# ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

**പ്രവേശനം ലഭിച്ചവർ 2020 ഡിസംബർ 15നകം പ്രവേശനം കൺഫേം ചെയ്യണം**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്നതായ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഒന്നാം അലോട്മെൻറ് പ്രസിദ്ധീകരിച്ചു. ഒന്നാം അലോട്മെൻറ് ലഭിച്ചവർ നിശ്ചിത സർവ്വകലാശാല ഫീസ് ഓൺലൈൻ ആയി ഒടുക്കി പ്രവേശനം ഓൺലൈനായി തന്നെ കൺഫേം ചെയ്യേണ്ടതും സ്ഥിര പ്രവേശം നേടുന്നവർ കോളേജുകളുമായി ബന്ധപ്പെട്ട് നിശ്ചിത കോളേജ് ഫീസ് ഒടുക്കി പ്രവേശനം സ്ഥിരപ്പെടുത്തേണ്ടതാണ്. 15/12/2020 നു 4.30 പി എം നു മുപായി നിശ്ചിത ഫീസ് ഒടുക്കാത്തവരുടെയും ഫീസ് ഒടുക്കിയതിനു ശേഷം അലോട്മെൻറ് കൺഫേം ചെയ്യാത്തവരുടെയും അലോട്മെൻറ് റദ്ദാക്കപ്പെടുന്നതാണ്. കോളേജുകൾ പ്രവേശനം കൺഫേം ചെയ്തു എന്നതിൻെറ തെളിവായി കൺഫർമേഷൻ സ്ലിപ് പ്രവേശനം കൺഫേം ചെയ്ത എല്ലാവരും ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. കൺഫർമേഷൻ സ്ലിപ് കൈവശമില്ലാത്തവരുടെ പ്രവേശനം സംബന്ധിച്ച പരാതികൾ സർവ്വകലാശാല സ്വീകരിക്കുന്നതല്ല. ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള അവസരം 16/12/2020 നു ലഭ്യമായിരിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ അലോട്മെൻറ് ലഭിച്ചിട്ടുള്ളവർ കോളേജുകളുമായി ബന്ധപ്പെട്ട് 15/12/2020 നുമുൻപായി കോളേജുകൾ നിർദ്ദേശിക്കുന്ന സമയത്ത് പ്രവേശനം കൺഫേം ചെയ്യേണ്ടതാണ്. 15/12/2020 നു മുൻപായി പ്രവേശനം കൺഫേം ചെയ്യാത്തവരുടെ അലോട്മെൻറ് റദ്ദാക്കപ്പെടുന്നതാണ്.

മഹാത്മാഗാന്ധി സർവകലാശാല

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്